Page 1 of 3

(ഡി) കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ വിദേശ രാജ്യങ്ങളിലേയ്ക്ക് ഇതിനോടകം കയറ്റി അയച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കയറ്റുമതി നടത്തിയിട്ടുണ്ട്. 22 ഇ-ഓട്ടോകൾ നേപ്പാളിലേയ്ക്ക് കയറ്റി അയച്ചിട്ടുണ്ട്. കൂടുതൽ ഓർഡറുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീലങ്ക, ടാൻസാനിയ എന്നിവിടങ്ങളിൽനിന്നും അന്വേഷണങ്ങൾ ലഭിച്ചിട്ടുണ്ട്.

കാർഷിക സഹകരണ സംഘങ്ങളിൽ ഡിജിറ്റൽ ബാങ്കിംഗ്

27(*477) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഡിജിറ്റൽ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംഘങ്ങൾക്കായി ഏകീകൃത ബാങ്കിംഗ് സോഫ്റ്റ്വെയർ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1611 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി 10-8-2020-ലെ സ.ഉ.(സാധാ) 345/2020/സഹ നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി എന്നിവരുൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കിയിട്ടുമുണ്ട്. ടി RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുന്നതിനായി, 13-1-2021-ലെ സ.ഉ.(സാധാ) 21/2021/സഹ നമ്പർ പ്രകാരം, സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), നോഡൽ ആഫീസർ (ഐ.ടി) എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP സർക്കാർ അംഗീകരിക്കുകയും ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. 9-2-2021-ന് പ്രീ-ബിഡ് മീറ്റിംഗ് നടത്തുകയും 31-12-2021-ന് മുമ്പായി ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

(സി) കമ്പ്യൂട്ടറൈസ് ചെയ്തിട്ടില്ലാത്ത സംഘങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വാർഷിക പദ്ധതി 2020-2021 പ്രകാരം സാമ്പത്തിക പ്രതിസന്ധി കാരണം കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാത്ത പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവാകുകയും തിരുവനന്തപുരം-4, കൊല്ലം-6, പത്തനംതിട്ട-8, ആലപ്പുഴ-22, എറണാകുളം-1, പാലക്കാട്-1, മലപ്പുറം-1, വയനാട്-1, കണ്ണൂർ-3 എന്നിങ്ങനെ ടി ജില്ലകളിലായി 47 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഹോസ്പിറ്റൽ സൊസൈറ്റികളുടെ ആധുനികവത്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഹോസ്പിറ്റൽ സൊസൈറ്റികളുടെ ആധുനികവത്കരണത്തിനാവശ്യമായ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആശുപത്രി സഹകരണ സംഘങ്ങൾക്ക് ചുവടെ ചേർക്കുംപ്രകാരമുള്ള ധനസഹായം അനുവദിച്ചുവരുന്നു. ആശുപത്രി സഹകരണ സംഘങ്ങൾക്ക് രോഗ നിർണ്ണയത്തിനുള്ള അത്യാധുനിക/ അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായമായി 75 ലക്ഷം രൂപ പദ്ധതി ചെലവിന്റെ 70% ഏതാണോ കുറവ് ആയത് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി അനുവദിക്കുന്നു. ആശുപത്രി സഹകരണ സംഘങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡിയായി ആംബുലൻസ് വിലയുടെ 50% അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് ആയത് അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് താലൂക്ക്/ജില്ലാ ആശുപത്രികൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 80% അല്ലെങ്കിൽ 80 ലക്ഷം രൂപ, ഏതാണോ കുറവ് ആയത് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി അനുവദിക്കുന്നു. ആശുപത്രി സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 20 ലക്ഷം രൂപ അനുവദിക്കുന്നു.

(ഇ) ഐ.സി.ഡി. പ്രോജക്ടിലുൾപ്പെടുത്തി പ്രാഥമിക സഹകരണ ബാങ്കുകളിലെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഐ.സി.ഡി.പി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നിലവിൽ ഇടുക്കി, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കെ.എസ്.സി.ബി. ശിപാർശ ചെയ്യുന്ന പ്രസ്തുത ജില്ലകളിലെ സഹകരണ സംഘങ്ങളുടെ പ്രൊപ്പോസലുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് സർക്കാരിന്റെയും എൻ.സി.ഡി.സി.-യുടേയും അനുമതിക്ക് വിധേയമായി ധനസഹായം അനുവദിച്ചുനൽകിവരുന്നു. ഓരോ ജില്ലകൾക്കും 31-3-2021 വരെ അനുവദിച്ചു നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

1) ഐ.സി.ഡി.പി പാലക്കാട് ജില്ല- 46,49,15,590 രൂപ

2) ഐ.സി.ഡി.പി തൃശ്ശൂർ ജില്ല-30,93,44,350 രൂപ

3) ഐ.സി.ഡി.പി ഇടുക്കി ജില്ല-43,12,85,115 രൂപ

വ്യവസായ പുനരുജ്ജീവന പാക്കേജ്

28(*478) ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. ജോയി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി പ്രഖ്യാപിച്ച ആയിരത്തി നാനൂറ്റി പതിനാറ് കോടി രൂപയുടെ പ്രത്യേക പാക്കേജിന്റെ വിശദാംശം ലഭ്യമാക്കുമോ; മുൻഗണനാ മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക പരിഗണന നൽകിവരുന്നുണ്ടോ?